## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.458 — 29.06.2016 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര വികസനം

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുള്ള | | ഉത്തരം<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വിനോദ സഞ്ചാര വികസനത്തിനായി എന്തൊക്കെ നൂതന പദ്ധതികൾക്ക് രൂപം നൽകും; വിശദാംശങ്ങൾ നൽകുമോ; | എ) | സാമൂഹികവും പാരിസ്ഥിതികവുമായ ഘടകങ്ങൾക്ക് വിഘാതം വരാതെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന, സാമൂഹികവും സാമ്പത്തികവുമായി സംസ്ഥാനത്തിന്റെ ഉന്നമനത്തിനായുള്ള സമഗ്ര ടൂറിസം പദ്ധതിയാണ് വിനോദസഞ്ചാര വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിനായി വിഭാവനം ചെയ്ത പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. യുവാക്കൾക്ക്, പ്രത്യേകിച്ചും ഗ്രാമീണ മേഖലയിലെ യുവാക്കൾക്ക് തൊഴിലധിഷ്ഠിത കഴിവുകൾ ഉണ്ടാക്കുന്നതിനുതകുന്ന അനുഭവാധിഷ്ഠിതമായ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കും.<br>2. സാധാരണ ജനങ്ങൾക്ക് ഗുണകരമാകുന്ന വിധത്തിൽ ഉത്തരവാദിത്വ വിനോദസഞ്ചാര പദ്ധതി നടത്തി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു.<br>3. എല്ലാ പ്രധാനപ്പെട്ട വിനോദസഞ്ചാര സ്ഥലങ്ങളിലും സമഗ്രവും ഫലപ്രദവുമായ മാലിന്യ നിർമ്മാർജ്ജനത്തിന്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, NGO കൾ, ടൂറിസം വ്യവസായ സ്ഥാപനങ്ങൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള സമഗ്ര മാലിന്യ നിർമ്മാർജ്ജന മാനേജ്മെന്റ് പ്രോഗ്രാം നടത്താനായി ഉദ്ദേശിക്കുന്നു. ഇതോടൊപ്പം മൈക്രോ ഡെസ്റ്റിനേഷനുകളിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനവും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിനും ഉദ്ദേശിക്കുന്നു.<br>4. പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും അതോടൊപ്പം അവ നല്ല രീതിയിൽ പരിപാലിക്കുകയും ചെയ്യുക.<br>5. പരിസ്ഥിതി, സംസ്കാരം, പൈതൃകം എന്നിവയുടെ പരിപാലനവും സംരക്ഷണവുമാണ് പ്രത്യേക ശ്രദ്ധ നൽകുന്ന മേഖല. |

| | | | |
|---|---|---|---|
| | | | 6. വിവിധ വകുപ്പുകളെ അതായത് വനവും വന്യജീവിയും, സാംസ്കാരിക വകുപ്പ്, തുറമുഖ വകുപ്പ്, വൈദ്യുതി വകുപ്പ്, ജലസേചനം, ഫിഷറീസ്, കൃഷി, എന്നീ വകുപ്പുകളുമായുള്ള സഹകരണത്തിലൂടെ ടൂറിസം സൗകര്യങ്ങളെ വികസിപ്പിക്കുക.<br>7. വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി ലൈഫ് ഗാർഡുകളുടെയും ടൂറിസ്റ്റ്, വാർഡന്മാരുടെയും എണ്ണം വർദ്ധിപ്പിച്ചും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപികൾ സ്വീകരിക്കും.<br>8. പുതിയ സാങ്കേതിക വിദ്യകൾ ടൂറിസം വികസനത്തിന് ഫലപ്രദമായി ഉപയോഗിക്കും. |
| ബി) | കൂടുതൽ വിനോദ സഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ; | ബിയും സി)യും | കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക. പരിസ്ഥിതി സൗഹാർദ്ദ സൗകര്യങ്ങൾ വികസിപ്പിക്കുക, സമഗ്ര മാലിന്യ നിർമ്മാർജ്ജന മാനേജ്മെന്റ് നടപ്പാക്കുക, അവയോടൊപ്പം കേരളത്തിലെ ടൂറിസ്റ്റ് സാധ്യതകളെ കാണിച്ച് വിവിധ രാജ്യങ്ങളിൽ റോഡ് ഷോകൾ, ട്രേഡ് ഫെയറുകൾ മുതലായവ സംഘടിപ്പിക്കുക, ഇവയെല്ലാം വേണ്ടത്ര പ്രചരണം നൽകുക എന്നിവ വഴി കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും അതിലൂടെ സംസ്ഥാനത്തിന്റെ വരുമാനവും തൊഴിൽ അവസരങ്ങളും വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് കരുതുന്നു. |
| സി) | സംസ്ഥാനത്തിന്റെ വരുമാനവും തൊഴിൽ അവസരങ്ങളും വർദ്ധിപ്പിക്കാൻ വിനോദ സഞ്ചാരമേഖലയെ പ്രയോജനപ്പെടുത്തുമോ; എങ്കിൽ വിശദാംശം നൽകുമോ; | | |
| ഡി) | മലബാറിൽ ടൂറിസം മേഖലയുടെ വികാസത്തിന് എന്തെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ഡി) | പരിഗണിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ